LIBRARY ARCHIVES Kerala Legislative Assembly

വാഹന അപകട കേസുകളിൽ സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ നൽകിയ നഷ്ടപരിഹാരം

22 [2885] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ വാഹനങ്ങളും സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിലാണോ ഇൻഷ്വറൻസ് എടുത്തിരിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(ബി) സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ പോളിസി എടുത്ത വാഹനങ്ങൾക്ക് മറ്റ് ഇൻഷ്വറൻസ് കമ്പനികളുമായി കരാർ ഉണ്ടാക്കാറുണ്ടോ എങ്കിൽ ഏതെല്ലാം കമ്പനികളുമായിട്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ എന്തു തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നും അതിൽ എന്തു തുക സർക്കാർ വാഹനങ്ങൾക്ക് ഉണ്ടായ അപകടങ്ങളുമായി ബന്ധപ്പെട്ടാണെന്നും എന്തു തുക പ്രൈവറ്റ് വാഹനങ്ങളുമായി ബന്ധപ്പെട്ട അപകടങ്ങൾക്കാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ഒഴിച്ചുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ വാഹനങ്ങളും സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ വാഹനങ്ങളും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിലാണ് ഇൻഷ്വറൻസ് എടുത്തിരിക്കുന്നത്.

(ബി) ഉണ്ട്. ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷന്റെ നാലു ബ്രാഞ്ചുകളുമായി 50-50 വ്യവസ്ഥയിൽ റീ ഇൻഷ്വറൻസ് കരാർ ഉണ്ട്.

(സി) 9,85,26,356 രൂപ.

സർക്കാർ വാഹനങ്ങളുമായി ബന്ധപ്പെട്ട തുക . . 34,94,980 രൂ.

പ്രൈവറ്റ് വാഹനങ്ങളുമായി ബന്ധപ്പെട്ട തുക . .9,50,31,376 രൂ.

ഇൻഷ്വറൻസ് വകുപ്പിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫറിലൂടെ നിയമിതരായവർ

23 [2886] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ എത്രപേർ ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫറിലൂടെ നിയമിതരായി എന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേര്, നിലവിൽ ജോലി ചെയ്യുന്ന തസ്തിക, പേരന്റ് ഡിപ്പാർട്ടുമെന്റ് എന്നീ വിവരങ്ങൾ നൽകാമോ;

(സി) ഇവരിൽ പേരന്റ് ഡിപ്പാർട്ടുമെന്റിൽ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയവർ ആരെല്ലാമാണെന്നു വ്യക്തമാക്കാമോ;

(ഡി) ഇന്റർഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ നിയമനത്തിനുള്ള ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണോ ഇവരെ നിയമിച്ചത്; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഇ) ട്രാൻസ്ഫർ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് നിയമനം നടത്തിയിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എഫ്) മുൻ സർക്കാരിന്റെ കാലയളവിൽ (1996-2001) സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ജി) ഇതിൽ പി.എസ്.സി. മുഖേന നേരിട്ട് നിയമനം ലഭിച്ചവരുടേയും ഇന്റർഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ മുഖേന നിയമനം ലഭിച്ചവരുടേയും വിവരം വ്യക്തമാക്കാമോ;

(എച്ച്) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന നിയമങ്ങൾക്ക് വിരുദ്ധമായി 1996-2001 കാലഘട്ടത്തിൽ നിയമനം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ 1996-2001 കാലഘട്ടത്തിൽ ഇന്റർഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ വഴി സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിലേക്ക് നടത്തിയ എൽ.ഡി. ക്ലാർക്കുമാരുടെ സ്ഥലംമാറ്റം റദ്ദു ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇരുപത്തിയഞ്ചുപേർ.

(ബി)

നം.	*പേര്*	*തസ്തിക*	*പേരന്റ് ഡിപ്പാർട്ടുമെന്റ്*
1	ശ്രീ. രമേശൻ അടിയോടി	യു.ഡി. ക്ലാർക്ക്	ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം
2	ശ്രീ. എം. സി. മോഹനൻ	യു.ഡി. ക്ലാർക്ക്	സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
3	ശ്രീ. എം. എസ്. റോബർട്ട്	യു.ഡി. ക്ലാർക്ക്	അഗ്രികൾച്ചറൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം
4	ശ്രീ. പി. രാമനൻ	യു.ഡി. ക്ലാർക്ക്	ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നം.	പേര്	തസ്തിക	പേരന്റ് ഡിപ്പാർട്ടുമെന്റ്
5	ശ്രീ. കെ. പ്രഭാകരൻ	യു.ഡി. ക്ലാർക്ക്	ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, തിരുവനന്തപുരം
6	ശ്രീ. കെ. ആർ. ദീപു	യു.ഡി. ക്ലാർക്ക്	ഫിഷറീസ് (സോണൽ) തിരുവനന്തപുരം
7	ശ്രീ. എം. ബി. മനോജ് കുമാർ	യു.ഡി. ക്ലാർക്ക്	ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, തിരുവനന്തപുരം
8	ശ്രീ. എസ്. പ്രദീപ്	യു.ഡി. ക്ലാർക്ക്	ഡയറക്ടറേറ്റ്, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തിരുവനന്തപുരം
9	ശ്രീ. കെ. എസ്. പ്രദീപ് കുമാർ	യു.ഡി. ക്ലാർക്ക്	സൂപ്രണ്ട് ഓഫ് പോലീസ്, തിരുവനന്തപുരം
10	ശ്രീ. ഡി. എച്ച്. മാജ്ദേവ്	യു.ഡി. ക്ലാർക്ക്	ഗവ. ഒ.എച്ച്.എസ്., ഇടത്തനാട്ടുകര
11	ശ്രീമതി റ്റി. സജിത	യു.ഡി. ക്ലാർക്ക്	അസിസ്റ്റന്റ് കമ്മീഷണറാഫീസ്, എച്ച്.ആർ. ആന്റ് സി. ഇ., പാലക്കാട്
12	ശ്രീ. എസ്. ആർ. വിനയചന്ദ്രൻ	യു.ഡി. ക്ലാർക്ക്	ഡി.പി.ഐ.
13	ശ്രീ. ബെൻസൺ റ്റി. ഡാനിയേൽ	എൽ.ഡി. ക്ലാർക്ക്	സിവിൽ സപ്ലൈസ്
14	ശ്രീ. ഇ. ശൈലൻ	എൽ.ഡി. ക്ലാർക്ക്	ഹെൽത്ത് ഡിപ്പാർട്ടു മെന്റ്, ഇടുക്കി
15	ശ്രീ. സുനിൽ അഗസ്റ്റിൻ	യു.ഡി. ടൈപ്പിസ്റ്റ്	സ്റ്റേഷനറി കൺട്രോളർ
16	ശ്രീമതി ബി. ഗിരിജാകുമാരി	യു.ഡി. ടൈപ്പിസ്റ്റ്	ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം

	നം.	പേര്	തസ്തിക	പേരന്റ് ഡിപ്പാർട്ട്മെന്റ്
	17	ശ്രീമതി കെ. സി. രാജി	യു.ഡി. ടൈപ്പിസ്റ്റ്	സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
	18	ശ്രീമതി റ്റി. റ്റി. പൊന്നമ്മ	എൽ.ഡി. ടൈപ്പിസ്റ്റ്	ആർക്കൈവ്സ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
	19	ശ്രീമതി കെ. സുമാകുമാരി	എൽ.ഡി. ടൈപ്പിസ്റ്റ്	ഡി.പി.ഐ., തിരുവനന്തപുരം
	20	ശ്രീമതി പി. ജെ. ജമ്മ	എൽ.ഡി. ടൈപ്പിസ്റ്റ്	ഡയറക്ടറേറ്റ്, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം
	21	ശ്രീ. വി. എസ്. മുരളീധരൻ നായർ	എൽ.ഡി. ടൈപ്പിസ്റ്റ്	ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ ഓഫീസ്, പത്തനംതിട്ട
	22	ശ്രീമതി എസ്. എസ്. സിന്ധു	എൽ.ഡി. ടൈപ്പിസ്റ്റ്	ഐ.റ്റി.ഡി.പി. ആഫീസ്, അട്ടപ്പാടി, പാലക്കാട്
	23	ശ്രീ. കെ. എം. നാരായണൻ	എൽ.ഡി. ടൈപ്പിസ്റ്റ്	ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
	24	ശ്രീ. കെ. ബാലചന്ദ്രൻ	പ്യൂൺ	സിവിൽ സപ്ലൈസ്
	25	ശ്രീമതി കെ. പി. ഫിലോമിന	പ്യൂൺ	പി.ഡബ്ല്യു.ഡി., (ഇറിഗേഷൻ)
(സി)	1	ശ്രീ. പി. രമണൻ, യു.ഡി.സി.		
	2	ശ്രീ. കെ. പ്രഭാകരൻ, യു.ഡി.സി.		
	3	ശ്രീ. ഡി. എച്ച്. രാജ്ദേവ്, യു.ഡി.സി.		
	4	ശ്രീ. ഇ. ശൈലൻ, എൽ.ഡി.സി.		
	5	ശ്രീമതി ബി. ഗിരിജാകുമാരി, എൽ.ഡി. ടൈപ്പിസ്റ്റ്		
	6	ശ്രീ. കെ. എം. നാരായണൻ, എൽ.ഡി. ടൈപ്പിസ്റ്റ്		

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇന്റർഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത് ഇൻഷ്വറൻസ് ഡയറക്ടർ ആണ്. ഇന്റർഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ അനുവദിക്കുമ്പോൾ പാലിക്കേണ്ട ചട്ടങ്ങളെല്ലാം മേൽപ്പറഞ്ഞവരുടെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചുവരികയാണ്.

(ഇ) ചിലരുടെ നിയമനം ട്രാൻസ്ഫർ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

(എഫ്) അൻപത്തി നാല് പേർക്ക്.

(ജി)	പി.എസ്.സി.	.. 35
	ഇന്റർഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ	.. 14
	ഡൈയിംഗ് ഇൻ ഹാർനസ്സ്	.. 5

(എച്ച്) പരിശോധിച്ചുവരുന്നു.

(ഐ) ബാധകമല്ല.

സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് വ്യവസ്ഥകൾ

24 [2887] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ റീഇംപേഴ്സ്മെന്റ് വ്യവസ്ഥകളിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുകയുണ്ടായോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) മെഡിക്കൽ റീഇംപേഴ്സ്മെന്റ് വ്യവസ്ഥകളിൽ പുതിയ പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് 1960-ലെ കേരള സർക്കാർ സർവീസ് മെഡിക്കൽ അറ്റൻഡൻസ് ചട്ടങ്ങൾ അനുസരിച്ചാണ് നൽകിവരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന നടപടികൾ എടുത്തു:

1. ചികിത്സാർത്ഥം നൽകിവരുന്ന പലിശരഹിത വായ്പയ്ക്കുള്ള അപേക്ഷകൾ ഒരു വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്കു വിടണം എന്ന് 5-6-2004-ലെ ജി.ഒ. (ആർ.റ്റി.) 1678/03/H&FWD ഉത്തരവ് പ്രകാരം നിഷ്ക്കർഷിച്ചിരുന്നു. എന്നാൽ ഈ തീരുമാനം പിന്നീട് സർക്കാർ പുനഃപരിശോധിക്കുകയും വിദഗ്ദ്ധ കമ്മിറ്റിയുടെ പരിശോധന ആവശ്യമില്ല എന്നു തീരുമാനിക്കുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly